16/3/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 270*(2)/2022*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **9269**/*എസ്.ഐ.സി-ജി 6/22*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ. ശരത് കുമാർ എസ്.,**<br>**ശിവശൈലം,**<br>**പല്ലാരിമംഗലം പി.ഒ.,**<br>**മാവേലിക്കര, ആലപ്പുഴ – 690 107.** | **പരാതി ഹർജിക്കാരൻ** |
| **Vs** | |
| **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &**<br>**താലൂക്ക് സപ്ലൈ ഓഫീസർ,**<br>**താലൂക്ക് സപ്ലൈ ഓഫീസ്,**<br>**മാവേലിക്കര.** | **എതിർകക്ഷി** |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ശരത്കുമാർ എസ്., 17.06.2022ന് സമർപ്പിച്ച പരാതി ഹർജി 18.06.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.270(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 21.04.2022ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 27.04.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) അന്വേഷണ ഉദ്യോഗസ്ഥർ(റേഷനിംഗ് ഇൻസ്പെക്ടർമാർ) ടി ഓഫീസിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ സ്ത്രീധനം വാങ്ങിയത് എന്ന പരാമർശം ഉൾപ്പെട്ടിട്ടുണ്ടെന്നും ടി 1421053970 –ാം നമ്പർ കാർഡുടമയുടെ മൊഴിയിലുണ്ടായിരുന്ന പരാമർശം ടി അന്വേഷണ റിപ്പോർട്ടിൽ ചേർക്കുകയാണുണ്ടായതെന്ന് അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്.

2.(എ) ഇല്ലെന്നാണ്

(ബി) 1421053970 നമ്പർ റേഷൻ കാർഡ് അനധികൃതമായി മുൻഗണനയിൽ തുടരുന്നുവെന്ന പരാതി വിഷയവുമായി ബന്ധപ്പെട്ട് ടി കാർഡുടമ ടി ഓഫീസിൽ സമർപ്പിച്ച രേഖകളിൽ നിന്നും ശ്രീ.ശരത്കുമാർ, ശിവശൈലം, പല്ലാരിമംഗലം എന്ന വ്യക്തിയാണെന്നു മനസ്സിലാക്കുന്നുവെന്നുമാണ്.

(സി) ഇല്ല എന്നും

(ഡി) ബാധകമല്ലെന്നും

3. ബാധകമല്ലെന്നും

4. 26.07.2021, 14.09.2021

5. താലൂക്ക് സപ്ലൈ ഓഫീസർ

6. പ്രസ്തുത പരാമർശമുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകിയത്,

- ശ്രീ.ശരത്കുമാർ എസ്.ശിവശൈലം, പല്ലാരിമംഗലം
- മോഹനൻ പിള്ള, ശ്രീധന്യ, കൂട്ടംപേരൂർ പി.ഒ.
- ജില്ല സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസ്, ആലപ്പുഴ
- ബഹു.സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം എന്നിവർക്കാണ്

(7), (8). എന്നിവയ്ക്ക് ടി വിഷയം ഈ വകുപ്പുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ രേഖകൾ ലഭ്യമല്ലെന്നുമാണ്.

4. എതിർകക്ഷി 15.07.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരൻ 22.04.2022ന് ടി ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ടി അപേക്ഷ വിശദമായി പരിശോധിച്ചതിൽ നിന്നും അപേക്ഷ ഒരു വ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെയോ സംബന്ധിച്ചുള്ളതല്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചതെന്നും ടി അപേക്ഷയിൽ ടി താലൂക്കിൽ നിന്നും മുമ്പ് ടിയാന് നൽകിയിരുന്ന വിവരാവകാശ മറുപടിയിൽ ടി

താലൂക്കിലെ 1421053970 നമ്പർ കാർഡിൽ ഉൾപ്പെട്ടിരിക്കുന്ന KL 31N 9508 നമ്പർ കാർ 'സ്ത്രീധനമായി നൽകിയ കാർ' എന്ന പരാമർശത്തെപ്പറ്റിയും ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിൽ കോടതി വിധിയുണ്ടോ എന്ന വിവരവുമാണ് ആവശ്യപ്പെട്ടിരുന്നതെന്നും ടി വിവരാകവാശ അപേക്ഷയുടെ മറുപടി 29.04.2022ലെ കത്ത് പ്രകാരം തപാൽ മുഖാന്തിരം വിവരാവകാശ അപേക്ഷയിൽ നൽകിയിരുന്ന വിലാസത്തിൽ അയച്ചു നൽകിയിരുന്നുവെന്നും മേൽ വിലാസം കണ്ടെത്താൻ സാധിക്കാതെ ടി കത്ത് ടി കാര്യാലയത്തിൽ തിരികെ ലഭിച്ചിട്ടില്ലെന്നും ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയും ആയതിന് ടി കാര്യാലയത്തിൽ നിന്നും അയച്ചു നൽകിയ മറുപടിയും ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിന്റെ പകർപ്പും വിവരാവകാശ രജിസ്റ്ററിന്റെ പകർപ്പും ഇതോടൊപ്പം സമർപ്പിക്കുന്നുവെന്നുമാണ്.

5. 21.02.2023 തീയതി കമ്മീഷൻ വീഡിയോ കോൺഫറൻസിംസ് സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് മറുപടി ലഭിച്ചില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലെങ്കിൽ ഹർജിക്കാരന് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതുമാണ്.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 മാർച്ച് 03-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

Ge/